**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4563** **19-03-2025 - ൽ മറുപടിയ്ക്ക്**

**മൺപാത്ര നിർമ്മാണ സമുദായങ്ങളെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | വേളാൻ, കുശവൻ, കുലാല, കുംഭാരൻ, കാടൻ, ആന്ധ്ര നായർ, ആന്തുർ നായർ, തുടങ്ങിയ പരമ്പരാഗത മൺപാത്ര നിർമ്മാണ സമുദായങ്ങളെ പട്ടികജാതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; | (എ) | പരമ്പരാഗതമായി മൺപാത്ര നിർമാണ തൊഴിലിൽ ഏർപ്പെടുന്ന സമുദായങ്ങൾ സംസ്ഥാനത്തിന്റെ പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനു വേണ്ട മാനദണ്ഡങ്ങൾ പാലിക്കുന്നില്ല എന്ന് കിർത്താഡ്സ് റിപ്പോർട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ ഈ വിഭാഗങ്ങളെ പട്ടികജാതിയിൽ ഉൾപ്പെടുത്തേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇവർക്ക് പി.എസ്.സി. നിയമനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ദേവസ്വം നിയമനങ്ങളിലും ആവശ്യമായ സംവരണം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി മുഖേനയുള്ള ഉദ്യോഗ സംവരണത്തിനായി ടി സമുദായങ്ങളെ residual OBCയിൽ ഉൾപ്പെടുത്തി ക്ലാസ് IV തസ്തികകളിൽ 6% സംവരണവും, ക്ലാസ് IV ഒഴികെയുള്ള തസ്തികകളിൽ 3% സംവരണവും അനുവദിക്കുന്നുണ്ട്. സമാന സംവരണം ദേവസ്വം ബോർഡ് റിക്രൂട്ട്മെന്റ് വഴിയുള്ള നിയമനങ്ങളിലും അനുവദിക്കുന്നുണ്ട്. |
| (സി) | ഇവർക്ക് പ്രൊഫഷണൽ, ഹയർസെക്കന്ററി കോഴ്സുകൾക്ക് നൽകി വരുന്ന സംവരണം തുടർന്നും നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | സാമൂഹികവും വിദ്യാഭ്യാസപരമായും പിന്നാക്കം നിൽക്കുന്ന (SEBC) സമുദായങ്ങളിൽ ഉൾപ്പെടുത്തി ടി സമുദായങ്ങൾക്ക് നിലവിൽ നൽകി വരുന്ന സംവരണത്തിനു മാറ്റം വരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ